## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6174 08.07.2014-ൽ മറുപടിയ്ക്ക്

### സെക്രട്ടേറിയറ്റിലെ ഹാജർനില

| | ചോദ്യം<br>ശ്രീ. എം. എ. വാഹിദ് | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ബയോമെട്രിക് സംവിധാനം സ്ഥാപിച്ചതിനുശേഷം സെക്രട്ടേറിയറ്റിൽ ജീവനക്കാർ കൃത്യസമയത്ത് ഹാജരാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ; | (എ) | ബയോമെട്രിക് സംവിധാനം സ്ഥാപിച്ചതിനു ശേഷം സെക്രട്ടേറിയറ്റിലെ ജീവനക്കാർ കൃത്യസമയത്ത് ഹാജരാകുന്നുണ്ടോയെന്ന് പരിശോധിക്കാൻ സെക്രട്ടറിതലത്തിലും ചീഫ് സെക്രട്ടറിതലത്തിലും അവലോകനയോഗങ്ങൾ നടത്താറുണ്ട്. കൃത്യത ഉറപ്പുവരുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ ജീവനക്കാർക്ക് യഥാസമയം നൽകുന്നുമുണ്ട്. |
| (ബി) | കൃത്യസമയത്ത് ഹാജരാകുന്നതിൽ വീഴ്ച വരുത്തിയ ജീവനക്കാർക്കെതിരെ ഈ സർക്കാർ അധികാരമേറ്റതിനുശേഷം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ ? | (ബി) | കൃത്യസമയത്ത് ജോലിക്ക് ഹാജരാകുന്നതിൽ വീഴ്ച വരുത്തിയതിന്റെ പേരിൽ ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു) വകുപ്പിലെ അസിസ്റ്റന്റായിരുന്ന ശ്രീമതി. ആശാ സൂസൻ ജേക്കബിനെ സസ്പെന്റ് ചെയ്തിട്ടുണ്ട്. ലിഫ്റ്റ് ഓപ്പറേറ്ററായ ശ്രീ. ജോസഫ് പയസിനെതിരെ അച്ചടക്ക നടപടി തുടർന്നുവരുന്നുണ്ട്. ലിഫ്റ്റ് ഓപ്പറേറ്ററായ ശ്രീ. ബി. മോഹനകുമാറിനെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്. ലിഫ്റ്റ് ഓപ്പറേറ്ററായ ശ്രീ. ബി. സുരേന്ദ്രനാഥിന്റെ സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്. അറ്റൻഡർമാരായ ശ്രീ. മനോജ്. സി.എസ്, ശ്രീ. ഇർഷാദ് .വൈ എന്നിവരുടെ സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. 2008 മുതൽ ജോലിക്ക് ഹാജരാകാതിരുന്ന അറ്റൻഡറായ ശ്രീ. കെ. ചന്ദ്രബാബുവിനെ 24.05.2014-ൽ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചു. സസ്പെൻഷനിലായിരുന്ന സെക്യൂരിറ്റി ഗാർഡായ ശ്രീ. കെ. ഷാനവാസിനെ 25.01.2014-ന് സർവ്വീസിൽ തിരിച്ചെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ